| | | |
|---|---|---|
| ഔദ്യോഗിക വസതിയിലേക്ക് ഫർണീച്ചറും മറ്റു ഉപകരണങ്ങളും വാങ്ങിയ ഇനത്തിൽ | .. | 2,04,256 |
| കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (ഓഫീസിലേക്കും ഔദ്യോഗിക വസതിയിലേക്കും) | .. | 1,94,080 |
| ഔദ്യോഗിക ആവശ്യത്തിനായി പുതിയ അമ്പാസഡർ കാർ വാങ്ങിയ ഇനത്തിൽ | .. | 4,49,499 |
| ഡ്രൈവറുടെ ടി.എ. | .. | 25,795 |
| ഓഫീസിലേക്ക് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ | .. | 9,045 |
| ഔദ്യോഗിക യാത്രകളിൽ ഭക്ഷണം, താമസ സൗകര്യം ഇവയ്ക്കുവേണ്ടി ചെലവായതുക | .. | 65,549 |
| ഔദ്യോഗിക വാഹനത്തിന് ഇന്ധനച്ചെലവ് | .. | 1,90,030 |
| ഔദ്യോഗിക വാഹനത്തിന് അറ്റകുറ്റപ്പണികൾക്കായുള്ള ചെലവ് | .. | 92,681 |

(ബി) ഔദ്യോഗിക വസതിയിൽ ദിവസക്കൂലിക്കാരായ 2 സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിരുന്നു. അവർക്ക് ശമ്പളം ഇനത്തിൽ പ്രസ്തുത കാലയളവിൽ 4,52,454 രൂപ ചെലവായിട്ടുണ്ട്.

## യു. ജി. സി. നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ള ലൈബ്രേറിയൻമാർ

65 [2371] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 13-3-1990-ലെ ജി. ഒ. (എം. എസ്.) 66/90 ഉത്തരവിനുശേഷം ഏതെങ്കിലും ഗവൺമെന്റ് കോളേജിൽ യു. ജി. സി. നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയില്ലാത്ത ലൈബ്രേറിയൻമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന് യു.ജി.സി.യുടെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(സി) യു. ജി. സി. സ്കീം നടപ്പാക്കിയശേഷം ഏത് സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കോളേജുകളിൽ ലൈബ്രേറിയൻമാരെ നിയമിക്കുന്നത്;

(ഡി) ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ 11-8-2000-ലെ ജി. ഒ. (എം. എസ്.) 130/2000 പ്രകാരം 1-1-1986 മുതൽ വിവിധ തീയതികളിലായി യു. ജി. സി. സ്കീമിൽ ഉൾപ്പെടുത്തിയ 33 ലൈബ്രേറിയൻമാർ പ്രസ്തുത കാലഘട്ടത്തിൽ സേവനമനുഷ്ഠിച്ച തസ്തികകളും സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇവരുടെ വിദ്യാഭ്യാസ യോഗ്യതകളും എന്തൊക്കെയാണ്;

(എഫ്) യു. ജി. സി. സ്കീമിൽ ഇളവുകൾ അനുവദിക്കാവുന്നത് യു.ജി.സി.യുടെ ധനസഹായത്തിനർഹമായി കോളേജിലോ സർവ്വകലാശാലയിലോ 13-3-1990 മുതൽ സേവനമനുഷ്ഠിക്കുന്നവർക്ക് മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) യു.ജി.സി.യുടെ ധനസഹായത്തിനർഹമായ കോളേജുകളിലേയും സർവ്വകലാശാലകളിലേയും ലൈബ്രേറിയൻമാരുടെ തസ്തികകൾക്ക് മാത്രമാണ് യു.ജി.സി. സ്കീമും സ്കെയിലും ബാധകമാണെന്നിരിക്കെ ഈ തസ്തികകൾക്ക് പുറത്തുള്ള തസ്തികകളിൽ സേവന മനുഷ്ഠിക്കുന്നവരോട് യു.ജി.സി. സ്കീമിനും സ്കെയിലിനും ഓപ്ഷൻ ചോദിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ, ബി) യു.ജി.സി. നിർദ്ദേശിച്ചിട്ടുള്ള ഇളവുകൾക്ക് വിധേയമായി മാത്രമേ യു.ജി.സി. സ്കെയിൽ നിയമനം നടത്തിയിട്ടുള്ളൂ.

(സി) കോമൺ പൂളിൽ യു.ജി.സി. നിയമനം സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി വരുന്നതേയുള്ളൂ. ആയതിനാൽ യു.ജി.സി.യുടെ നിർദ്ദേശങ്ങൾ അനുസരിച്ച് യോഗ്യതയുള്ള സീനിയറായ ലൈബ്രേറിയൻമാരിൽ നിന്നും ഓപ്ഷൻ ക്ഷണിച്ചാണ് യു.ജി.സി. നിയമനം നടത്തി വരുന്നത്.

(ഡി) യു.ജി.സി. സ്കീമിൽ ഉൾപ്പെടുത്തിയ 33 പേരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിൽ പലർക്കും അവർ റിട്ടയർ ചെയ്തതിനുശേഷം മുൻകാല പ്രാബല്യത്തോടുകൂടിയാണ് യു.ജി.സി. സ്കെയിൽ നൽകിയിട്ടുള്ളത്. സർവ്വീസിൽ നിലവിലുണ്ടായിരുന്നവരുടെ പേരിനൊപ്പം അവർ ജോലി ചെയ്തിരുന്ന തസ്തികയുടെ പേരും സ്ഥാപനത്തിന്റെ പേരും ഉൾപ്പെടുത്തിയിട്ടുണ്ട്. †

(ഇ) യു.ജി.സി. നൽകുന്ന സമയത്ത് നിലവിലുണ്ടായിരുന്ന ഉത്തരവനുസരിച്ച് ഏതെങ്കിലും ഒരു വിഷയത്തിൽ ഡിഗ്രിയും ലൈബ്രറി സയൻസിൽ ഡിഗ്രി/ഡിപ്ലോമ എന്നിവയായിരുന്നു ലൈബ്രേറിയൻ ഗ്രേഡ് I തസ്തികക്കുള്ള യോഗ്യത. പ്രസ്തുത യോഗ്യതയുള്ളവരെ അനുവദനീയമായ യു.ജി.സി. ഇളവുകൾക്കനുസൃതമായാണ് യു.ജി.സി. സ്കെയിലിൽ നിയമിച്ചത്.

(എഫ്) 13-3-1990-ലെ 66/90 ഉത്തരവനുസരിച്ച് 1-1-1986 മുതൽ ലൈബ്രേറിയൻമാരെ യു.ജി.സി. സ്കീമിൽ ഉൾപ്പെടുത്തുവാൻ ഉത്തരവായി. അതിന്റെ തുടർച്ചയായി 9-4-1991-ലെ ജി.ഒ. (എം. എസ്.) 87/91/ഉ.വി.വ. ഉത്തരവനുസരിച്ച് ജി. ഒ. (പി.) 36/71/വി. വ. ഉത്തരവിൽ പ്രതിപാദിച്ച യോഗ്യതയുള്ള കോമൺപൂളിൽ 1-1-1986-നോ അതിനു മുൻപോ നിയമിതരായ ലൈബ്രേറിയൻമാർക്ക് യു.ജി.സി. സ്കെയിലിൽ നിയമനത്തിന് ഇളവുകൾ അനുവദിക്കുകയുണ്ടായി. പിന്നീട് 19-9-1992-ലെ ജി.ഒ. (എം.എസ്.) 154/92/ഉ.വി.വ. ഉത്തരവു പ്രകാരം യു.ജി.സി. സ്കെയിൽ ഇളവുകളോടെ അനുവദിക്കുന്നതിനുള്ള കാലാവധി 31-3-1990 വരെ സർവ്വീസിലുള്ളവർക്കും ദീർഘിപ്പിച്ചുകൊടുക്കുകയുണ്ടായി. മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവുകളിലെ ഇളവുകൾക്കനുസൃതമായാണ് കോമൺപൂൾ ലൈബ്രേറിയൻമാരെ യു.ജി.സി. സ്കീമിൽ ഉൾപ്പെടുത്തി ആർട്ട്സ് & സയൻസ് കോളേജിൽ നിയമിച്ചിരിക്കുന്നത്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോമൺപൂൾ ലൈബ്രേറിയൻമാർ വിവിധ ഗവൺമെൻറ് സ്ഥാപനങ്ങളിലായിട്ടാണ് ജോലി നോക്കുന്നത്. അനുവദനീയമായ, ചില നിബന്ധനകൾക്കു വിധേയമായി കോമൺപൂൾ

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രേറിയൻമാർക്ക് ക്യാപ്ഷന്റെ അടിസ്ഥാനത്തിലും സീനിയോറിറ്റി കണക്കാക്കിയും യു.ജി.സി. നൽകുകയും അതിനുശേഷം അവരെ യു.ജി.സി.-യുടെ സ്കീമിൽ ഉൾപ്പെട്ട കോളേജുകളിൽ നിയമിക്കുകയുമാണ് ചെയ്തുവരുന്നത്.

## കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രവർത്തനം

66 [2372] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർവ്വകലാശാലയിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികളാണ് പഠിക്കുന്നത്; ഇവയിൽ സംസ്കൃതം പ്രധാന വിഷയമായി പഠിക്കുന്നവർ എത്ര;

(സി) ഇപ്പോൾ ഈ സർവ്വകലാശാലയിൽ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും ഉണ്ട്;

(ഡി) സർവ്വകലാശാലയിൽ പുതുതായി അദ്ധ്യാപകരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ; നിയമന നടപടികളും എത്രത്തോളമായിട്ടുണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സർവ്വകലാശാലയുടെ മൊത്തത്തിലുള്ള പ്രവർത്തനത്തെ സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. ഈ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. ആക്ടിലെ 12(B) പ്രകാരമുള്ള അംഗീകാരം കിട്ടിയത് ഏതാനും മാസങ്ങൾക്കു മുൻപാണ്.

(ബി) 2004-05 വർഷത്തിൽ 2080 കുട്ടികളാണ് പഠിക്കുന്നുണ്ട്. സംസ്കൃതം പ്രധാനവിഷയമായി 923 കുട്ടികളാണ് പഠിക്കുന്നുണ്ട്.

(സി) സ്ഥിരം അദ്ധ്യാപകർ—177
ഗസ്റ്റ് അദ്ധ്യാപകർ—144
അനദ്ധ്യാപകർ:
റഗുലർ—147
ഡെപ്യൂട്ടേഷൻ—12
കരാർ—36
ദിവസക്കൂലി—103

ആകെ—298

(ഡി) സർവ്വകലാശാല പുതുതായി അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിൽനിന്ന് അനുമതി തേടിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly